# മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

പ്രതീക്ഷയോടെ 2021 വർഷത്തിലേക്ക് നാം പ്രവേശിച്ചിട്ട് നാം ഒരുമാസം പിന്നിട്ടിരിക്കുകയാണല്ലോ. ഈ ഫെബ്രുവരി മാസത്തിൽ ശാന്തി യുടെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും വക്താക്കളായി നമുക്ക് മാറാം. അതോടൊപ്പം നോമ്പുകാലത്തിന്റെ ചൈത ന്യത്തിലേയ്ക്ക് പ്രവേശിക്കുവാൻ നമുക്ക് ആത്മീയമായി ഒരുങ്ങാം. ബൈബിൾ വായന, പ്രാർത്ഥന, ആത്മീയ ഗ്രന്ഥ പാരായണം, കാരുണ്യപ്ര വൃത്തികളിലുള്ള പങ്കാളിത്തം, തിന്മകൾ ഉപേക്ഷിക്കാനുള്ള തീരുമാനം എന്നിങ്ങനെ വിവിധങ്ങളായ പുണ്യങ്ങളിൽ വളരാം...സർവ്വശക്തനായ ദൈവം നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുന്നാൾ | : വാ. റാണിമരിയ |
| അനുസ്മരിക്കുന്ന വിശുദ്ധ | : വി. ബ്രിജിറ്റ് |
| പ്രാർത്ഥനാനിയോഗം | : കല്ല്യാൺ, സാഗർ മിഷനുകൾക്കു വേണ്ടി |
| സുകൃതജപം | : യുവാവായ ഈശോയെ യുവാക്കളിൽ നിറയണമേ . |
| *ദിയാക്കോണിയ* | : കാർഷികമേള |

## 1. ഹൃദ്യമായ സ്വാഗതം

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഡയറക്ടർ ആയി നിയമിതനാ യിരിക്കുന്ന ഫാ ജോസഫ് (വിപിൻ) വടക്കേപ്പറമ്പിൽ അച്ചന് ചെറു പുഷ്പ മിഷൻലീഗ് അതിരൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം അരിവിളഞ്ഞപോയിൽ ശാഖ, ആലക്കോട് മേഖലാ ഡയറക്ടർ എന്നീനിലകളിൽ വളരെ പ്രേഷിത തീഷ്ണതയുള്ള, കരുത്തുറ്റ പ്രവർത്തനങ്ങൾ അച്ചൻ നടത്തിയത് നന്ദി പൂർവ്വം ഓർക്കുന്നു. കുട്ടു കളും മുതിർന്നവരും പ്രേഷിത പ്രവർത്തനങ്ങളിൽ ശക്തി ആർജ്ജിച്ച് ദൈവവിളി പ്രാത്സാഹനത്തിൽ വളർന്ന് വ്യക്തിത്വ വികസനം നേടിയെ ടുക്കുന്നതിനും ഈശോയിൽ കൂടുതൽ വിശ്വസിക്കുന്നതിനും അച്ചന്റെ പ്രവർത്തനങ്ങളിലൂടെ സാധിക്കട്ടെ എന്നും അതിനായി പരിശുദ്ധാത്മ ചൈതന്യത്താൽ നിറയട്ടെ എന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു. സ്നേഹ ത്തോടെ പ്രാർത്ഥനയോടെ സുസ്വാഗതം.

## 2.ശാഖകൾ ശ്രദ്ധിക്കാൻ

| | | |
|---|---|---|
| 14 ഞായർ | : | തിരുബാലസഖ്യദിനം |
| 15 തിങ്കൾ | : | 50 നോമ്പ് ആരംഭം |
| 25 വ്യാഴം | : | വാ. റാണി മരിയയുടെ തിരുനാൾ |

3. **മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, അഗതിമന്ദിര സന്ദർശനം

## 4. മിഷൻ പച്ചക്കറിത്തോട്ടം

മിഷൻ പച്ചക്കറിത്തോട്ടമത്സരത്തിന് പേര് രജിസ്റ്റർ ചെയ്ത ശാഖകളിൽ ഒന്നാംഘട്ട സന്ദർശനം നടത്തി. ഈ മാസം തന്നെ അടുത്തഘട്ടം സന്ദർശിക്കുന്നതിനായി അതിരൂപതാ ഭാരവാഹികൾ വരുന്നതായിരിക്കും.

## 5. ദിയാക്കോണിയ

**ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ ശാഖാതലത്തിൽ ചെയ്യേണ്ടവ :**

**1) ഉത്സവ്** : മിഷൻ പച്ചക്കറിത്തോട്ടത്തിലെയും സ്വന്തം കൃഷി ഇടത്തിലെയും (ഏദേൻ തോട്ടം) വിളവുകൾ ഇടവകാ തലത്തിൽ വിൽപ്പനക്കായി എത്തിക്കുന്നു.

2) Eco Trining : പേപ്പർ ക്യാരിബാഗ് - ക്ലോത്ത്ബാഗ്, മണ്ണിരകമ്പോസ്റ്റ്, ജൈവ കീടനാശിനി, സോപ്പ്, ലോഷൻ എന്നിവ തയ്യാറാക്കാൻ പഠിപ്പിക്കുന്നു.

3) പ്രചോദ് : Echo friendly ഇനങ്ങളുടെ പ്രദർശനം.

## 6. ബഹു. വൈസ്ഡയറക്ടർമാരുടെ ശ്രദ്ധയ്ക്ക്

- ♦ പുതിയതായി അംഗത്വം സ്വീകരിച്ച കുട്ടികളുടെ അംഗത്വകാർഡിൽ അതിരൂപതാ ഡയറക്ടറിന്റെ ഒപ്പും സീലും വാങ്ങുമല്ലോ.
- ♦ അംഗത്വകാർഡ് ഒപ്പിടാൻ കൊണ്ടുവരുമ്പോൾ അതിരൂപതയിൽ നിന്നും തന്നിരിക്കുന്ന അംഗത്വ ഫോമിൽ തുടർച്ചയായി അംഗത്വനമ്പർ എഴുതി കുട്ടികളെക്കുറിച്ചുള്ള വിവരങ്ങൾ എഴുതി കൊണ്ടുവരുമല്ലോ.
- ♦ 2020 – 2021 വർഷത്തെ അംഗത്വഫീസ്, വാർഷിക വിഹിതം അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.
- ♦ 2019–20 വർഷത്തെ കുടിശ്ശികകൾ അടയ്ക്കാത്ത ശാഖകൾ ഈമാസം തന്നെ അടയ്ക്കുമല്ലോ.
- ♦ സാധിക്കുന്ന വിധത്തിൽ ചാന്ദാ മിഷനിലെ (ജാരവണ്ടി ഇടവക) കുട്ടികൾക്ക് കട്ടിൽ നൽകുവാൻ സഹായം നൽകുമല്ലോ.

## 7. കിങ്ങിണിക്കൂട്ടം

കുട്ടികളിൽ വ്യക്തിത്വ വികസനവും സ്വയം പര്യാപ്തതയും

വളർത്തുന്നതിന്റെ ഭാഗമായി അതിരൂപതയുടെ നേതൃത്വത്തിൽ കിങ്ങിണിക്കൂട്ടം എന്ന പേരിൽ  ആലക്കോട്, പൈസക്കരി, നെല്ലിക്കാംപോയിൽ, പേരാവൂർ, തോമാപുരം, എടൂർ എന്നീ മേഖലകൾക്ക് കോഴിക്കുഞ്ഞുങ്ങളെ നൽകി.

## 8. നല്ലിടയൻ പദ്ധതി

ആലക്കോട്  മേഖലയുടെ നേതൃത്വത്തിൽ അരിവിളഞ്ഞപോയിൽ ശാഖയിലെ അന്നമ്മ ഞവരക്കാട്ട്  എന്ന വ്യക്തിക്ക് ആടിനെ നൽകി.

## 9. മേഖലാ കൗൺസിൽ വാർഷികം

27.12. 2020 ന് ഞായറാഴ്ച നെല്ലാക്കാംപോയിൽ മേഖലയും, 24. 01. 2021 ന് ഞായറാഴ്ച ആലക്കോട്, തോമാപുരം എന്നീ മേഖലകളും കൗൺസിൽ വാർഷികം നടത്തി.

## 10. പ്രേഷിതവാരം

അതിരൂപതാതല പ്രേഷിതവാരം അതിരൂപതാ ഓഫീസിൽ വെച്ച് നടത്തി. അതിരൂപതാ വൈസ് പ്രസിഡന്റ് ഷേർളി പാമ്പനാൽ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗ്  സന്ദേശഭവൻ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ തിരിതെളിച്ച് ഉത്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ അനുഗ്രഹ പ്രഭാഷണം നടത്തി. പ്രേഷിതവാര പ്രവർത്തനങ്ങൾ നടത്താൻ ശാഖകളിലും മേഖലകളിലും നേതൃത്വം നൽകിയ എല്ലാ ബഹുമാനപ്പെട്ട അച്ചൻമാർക്കും, സിസ്റ്റേഴ്സിനും, ശാഖാ മേഖലാ ഭാരവാഹികൾക്കും മതാധ്യാപകർക്കും കുട്ടികൾക്കും മാതാപിതാക്കൾക്കും നന്ദി.

## 11. ബൈബിൾ ഞായർ

ഡിസംബർ 27-ാം തിയതി അതിരൂപതാതല ബൈബിൾ ഞായർ ആഘോഷം നെടുവാലൂർ ശാഖയിൽ വെച്ച് നടത്തി. സമുചിതമായി ബൈബിൾ ഞായർ ആഘോഷിക്കാൻ നേതൃത്വം നൽകിയ ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ വെമ്മേനിക്കട്ട അച്ചനും വൈസ്ഡയറക്ടർ സി നിർമ്മലയ്ക്കും ശാഖാ മേഖലാ ഭാരവാഹികൾക്കും നന്ദി.

## 12. എം റ്റി സി

അതിരൂപതയിൽ നിന്ന് നൽകിയ എം റ്റി സി ക്ലാസ്സുകൾ മേഖലാ എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ എം റ്റി സി കുട്ടികൾക്ക് നൽകിയെന്ന് കരുതുന്നു. ഇനി ഏതെങ്കിലും മേഖലകൾ കുട്ടികൾക്ക് നൽകിയിട്ടില്ലെങ്കിൽ ഉടനെ നൽകുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. കുട്ടികൾക്ക് ക്യാമ്പുകൾ നടത്തുമല്ലോ.

## 13. ഉണ്ണീശോയ്ക്കൊരു കട്ടിൽ - ഒരായിരം നന്ദിയോടെ

ചാന്ദാ മിഷനിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ ശാഖകൾക്കും സുമനസുകൾക്കും ഒരായിരം നന്ദി. ഈ സംരംഭത്തോട് സഹകരിച്ച രണ്ടാം കടവ്, കണ്ണൂർ എന്നീ ശാഖകൾക്ക് അതിരൂപതാ കുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു. സാധിക്കുന്നതുപോലെ എല്ലാവരും സഹായിക്കുമല്ലോ.

**14. ക്രിസ്കാർഡ് മത്സരവിജയികൾ**

| | | | |
|---|---|---|---|
| Ist | എയ്ഞ്ചൽ വടുതലക്കുഴി | – | എണ്ണപ്പാറ |
| IInd | അനിറ്റ പുത്തൻപുരയിൽ | – | ജോസ്ഗിരി |
| IIIrd | ഗ്രെയ്സ് മരിയ ബിജു | – | പേരാവൂർ |

**15. ആൽബം നിർമ്മാണ വിജയികൾ**

Ist മണക്കടവ് ശാഖ

IInd ആലക്കോട് ശാഖ

IIIrd കുന്നോത്ത് ശാഖ

**16. ക്ലിക്ക് ഷോട്ട് വിജയികൾ**

Ist രത്നഗിരി ശാഖ

IInd ആലക്കോട് ശാഖ

IIIrd മണിക്കടവ് ശാഖ

പ്രോത്സാഹനസമ്മാനങ്ങൾ

കടുമേനി, കാലിച്ചാനടുക്കം, കരുവഞ്ചാൽ, മുണ്ടാനൂർ

**17. സുവർണ്ണ ജൂബിലി പ്രബന്ധരചന മത്സരവിജയികൾ**

| | | | |
|---|---|---|---|
| Ist | കാതറിൻ തേമാനയിൽ | – | കരിക്കോട്ടക്കരി |
| IInd | ഏയ്ഞ്ചൽ കരോട്ടുപുതിയത്ത് | – | ആടാംപാറ |
| IIIrd | എലിസബത്ത് കുഴിപ്പള്ളിയിൽ | – | കരുവഞ്ചാൽ |

**19. ലഹരിവിരുദ്ധ കാർട്ടൂൺ മത്സരവിജയികൾ**

I$^{st}$ ആൻമരിയ തെക്കേത്തോട്ടത്തിൽ - തളിപ്പറമ്പ്

II$^{nd}$ എലിസബത്ത് കാവപ്പുരയ്ക്കൽ - വെള്ളരിക്കുണ്ട്

III$^{rd}$ ടോം പരിയാരത്തുകുന്നേൽ - തളിപ്പറമ്പ്

## 19. ആദരാഞ്ജലികൾ

കർമ്മ വീഥികളിൽ കർമ്മനിരതനായിരുന്നുകൊണ്ട് ഈ ഭൂമിയിൽ ദൈവം തന്നെ ഭരമേൽപിച്ച ഉത്തരവാദിത്വങ്ങൾ അതിന്റെ പൂർണ്ണതയിൽ നിർവഹിച്ച് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ട ബഹുമാനപ്പെട്ട ജോസഫ് മുരിയൻവേലിൽ അച്ചന് അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

## തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഫെബ്രുവരി 14-ാം തിയതി ഞായറാഴ്ച തിരുബാലസഖ്യ ദിനമായി നാം ആചരിക്കുകയാണല്ലോ. വിശ്വാസ ജീവിതത്തിലേയ്ക്ക് പിച്ചവെക്കുന്ന പ്രായത്തിൽ ഈശോയെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും വളർന്ന് സദ്ഗുണസമ്പന്നരായി ജീവിക്കുവാൻ കുഞ്ഞുങ്ങളെ നമുക്ക് പ്രാപ്തരാക്കാം. ഉണ്ണീശോയുടെ എല്ലാ പ്രിയ കൂട്ടുകാർക്കും തിരുബാലസഖ്യ ദിനത്തിന്റെ ആശംസകൾ...

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുന്നാൾ | : | വാ.റാണിമരിയ |
| അനുസ്മരിക്കുന്ന വിശുദ്ധ | : | ലൂർദ്ദ് മാതാവ് |
| പ്രാർത്ഥനാനിയോഗം | : | അനാഥകുഞ്ഞുങ്ങൾക്കുവേണ്ടി |
| സുകൃതജപം | : | ഈശോയെ അങ്ങയെപ്പോലെ മാതാ പിതാക്കളെ അനുസരിച്ച് വളരാൻ എന്നെ സഹായിക്കണമേ. |
| വചനം | : | ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങ ളിൽ വ്യാപൃതനായിരിക്കേണ്ടതാ ണെന്ന് നിങ്ങൾ അറിയുന്നില്ലേ (വി.ലൂക്കാ 2:49) |
| മത്സരം | : | കുട്ടികർഷകൻ/കർഷക- ഫോട്ടോ ഗ്രാഫി മത്സരം |
| *ദിയാക്കോണിയ* | : | കാർഷികമേള |

### 1. ശ്രദ്ധിക്കാൻ

| | | |
|---|---|---|
| 11 വ്യാഴം | : | ലൂർദ്ദ് മാതാവിന്റെ തിരുനാൾ |
| 14 ഞായർ | : | തിരുബാലസഖ്യദിനം:-തിരുബാലസഖ്യം പ്രതിജ്ഞ ചൊല്ലുക, അംഗത്വ നവീകരണം നട ത്തുക, സാഹചര്യം അനുകൂലമാണെങ്കിൽ റാലി യും കലാപരിപാടികളും നടത്തുക. |
| 15 തിങ്കൾ | : | 50 നോമ്പ് ആരംഭം |
| 25 വ്യാഴം | : | വാ. റാണി മരിയയുടെ തിരുനാൾ |

### 2. ദിയാക്കോണിയ

**ഫെബ്രുവരി - മാർച്ച് മാസങ്ങളിൽ ശാഖാതലത്തിൽ ചെയ്യേണ്ടവ :**

**1) ഉത്സവ്** : മിഷൻ പച്ചക്കറിത്തോട്ടത്തിലെയും സ്വന്തം കൃഷി ഇട ത്തിലെയും (ഏദേൻ തോട്ടം) വിളവുകൾ ഇടവകാ തലത്തിൽ

വിൽപ്പനക്കായി എത്തിക്കുന്നു.

2) Eco Trining : പേപ്പർ ക്യാരിബാഗ് - ക്ലോത്ത്ബാഗ്, മണ്ണിരകമ്പോസ്റ്റ്, ജൈവ കീടനാശിനി, സോപ്പ്, ലോഷൻ എന്നിവ തയ്യാറാക്കാൻ പഠിപ്പിക്കുന്നു.

**3) പ്രചോദ്** : Echo friendly ഇനങ്ങളുടെ പ്രദർശനം.

## 3. തിരുബാലസഖ്യദിനം

ഫെബ്രുവരി 14-ാം തിയതി ഞായറാഴ്ച തിരുബാലസഖ്യദിനം ശാഖകളിൽ സാഹചര്യങ്ങൾ അനുസരിച്ച് സമുചിതമായി ആഘോഷിക്കുമല്ലോ. തിരുബാലസഖ്യം സംഘടനയെക്കുറിച്ച് കുട്ടികൾ കൂടുതൽ അറിയുന്നതിനും മനസ്സിലാക്കുന്നതിനും ഉപകരിക്കത്തക്ക രീതിയിലുള്ള പ്രാഗ്രാമുകൾ നടത്തുമല്ലോ.

## 4. അതിരൂപതാ കലോത്സവം

തിരുബാലസഖ്യം കുട്ടികൾക്ക് ഈ വർഷം അതിരൂപതാ കലോത്സവം ഉണ്ടായിരിക്കും ഓൺലൈൻ മത്സരങ്ങളാണ് നടത്തുന്നത്. മത്സര ഇനങ്ങളെക്കുറിച്ചും മത്സര നിബന്ധനകളെക്കുറിച്ചും ഉടൻ അറിയിക്കുന്നതാണ്.

## 5. കുട്ടികർഷകൻ/കർഷക - ഫോട്ടോഗ്രാഫി മത്സരം

1 മുതൽ 4 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കാണ് മത്സരം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മത്സരം ഉണ്ടായിരിക്കും. കർഷകവേഷംഅണിഞ്ഞകുട്ടിയുടെഫോട്ടോ holychildhoodtly01@gmail.com എന്ന emil അഡ്രസിലേക്ക് അയയ്ക്കുക. ഫോട്ടോയിൽ എഡിറ്റിംഗ് പാടില്ല. ഈ മെയിൽ കുട്ടിയുടെ പേര് വീട്ടുപേര് ഇടവക ഫോൺ നമ്പർ വ്യക്തമായി സൂചിപ്പിച്ചിരിക്കണം. ഫെബ്രുവരി 20 ന് അവസാന തിയതി.

## 7. ക്രിസ്കാർഡ് വിജയികൾ

| | | | |
|---|---|---|---|
| I$^{st}$ | റോസ് മരിയ പിണക്കാട്ട് | - | ചെമ്പേരി |
| II$^{nd}$ | മരിയ മാന്തറ | - | കുന്നോത്ത് |
| III$^{rd}$ | എഡ്‌ലിൻ ജോസഫ് | - | പടുപ്പ് |

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**

അതിരൂപതാ ഡയറക്ടർ